പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 160 01.02.2018-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. പെൻഷൻ കുടിശ്ശിക

ചോദ്യം

ശ്രീമതി. ഇ.എസ്.ബിജിമോൾ

ശ്രീ. മുല്ലക്കര രത്നാകരൻ

,, കെ. രാജൻ

ശ്രീമതി. സി.കെ. ആശ

ഉത്തരം

പിണറായി വിജയൻ

(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യുടെ പ്രതിദിന വരുമാനത്തിന്റെ 10% പെൻഷൻ ഫണ്ടിലേക്ക് മാറ്റണമെന്ന വ്യവസ്ഥ ഇപ്പോൾ പാലിച്ചുപോരുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. ഇതിൻ പ്രകാരം ആര്യനാട്, ആറ്റിങ്ങൽ, കിളിമാന്നൂർ, കാട്ടാക്കട, നെടുമങ്ങാട്, നെയ്യാറ്റിൻകര, പാറശ്ശാല എന്നീ കെ.എസ്. ആർ.ടി.സി യൂണിറ്റുകളുടെ പ്രതിദിന വരുമാനം ട്രഷറിയിൽ പ്രത്യേകമായി നിക്ഷേപിച്ച് വരുന്നു. |
| (ബി) | സാമൂഹ്യക്ഷേമ പെൻഷനോ മറ്റു ക്ഷേമനിധി പെൻഷനുകളോ ലഭിക്കാൻ ഇടയില്ലാത്ത കെ.എസ്. ആർ.ടി.സി പെൻഷൻകാർ അനുഭവിക്കുന്ന ജീവിത ദുരിതങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ഹൃദ്രോഗം, കാൻസർ മുതലായ രോഗങ്ങൾ മൂലവും മറ്റു വാർദ്ധക്യ സഹജമായ അസുഖങ്ങൾ മൂലവും കഷ്ടപ്പെടുന്ന പെൻഷൻകാർക്ക് ആശ്വാസധനം എന്ന നിലയിൽ സഹായം നല്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | ഹൃദ്രോഗം, കാൻസർ മുതലായ രോഗങ്ങൾ മൂലവും മറ്റു വാർദ്ധക്യ സഹജമായ അസുഖങ്ങൾ മൂലവും കഷ്ടപ്പെടുന്ന പെൻഷൻകാർക്ക് അവരുടെ പെൻഷൻ കുടിശ്ശികയില്ലാതെ നൽകുവാൻ നടപടി സ്വീകരിച്ചുവരികയാണ്. |

| | | | |
|---|---|---|---|
| (ഡി) | പെൻഷൻ മുടങ്ങുന്ന സാഹചര്യത്തിൽ ചികിത്സ, മക്കളുടെ വിവാഹം, പഠനം തുടങ്ങിയ ആവശ്യങ്ങൾക്ക് പെൻഷൻ ഫണ്ടിൽ നിന്നും വായ്പയായി എടുത്ത തുകയുടെ തിരിച്ചടവിന് പിഴ ഈടാക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | പെൻഷൻ ഫണ്ടിൽ നിന്നും വായ്പ കൊടുത്തിട്ടില്ല. |

**സെക്ഷൻ ഓഫീസർ**